പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3081 13.03.2018-ലെ മറുപടിക്ക്

## എം.എ.സി.ടി.കേസുകളിന്മേലുള്ള നഷ്ടപരിഹാര തുക

ചോദ്യം

ശ്രീ. ടി.എ.അഹമ്മദ് കബീർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുഖേന അപകടമരണം സംഭവിക്കുന്ന എം.എ.സി.ടി.കേസുകളിന്മേൽ കോടതി വിധിക്കുന്ന നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നത്; | (എ) | കോടതി വിധി ലഭിച്ചാൽ ഉടൻ തന്നെ നഷ്ടപരിഹാര തുക കെട്ടിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം പണം കെട്ടിവയ്ക്കാൻ കഴിയാറില്ല. |
| (ബി) | ഇത്തരത്തിൽ കോടതി അന്തിമ വിധി നൽകിയതിനുശേഷവും നഷ്ടപരിഹാരതുക അനുവദിക്കാൻ സാധിക്കാത്ത എത്ര കേസുകൾ നിലവിലുണ്ട്; | (ബി) | വിവിധ എം.എ.സി.റ്റികളുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇനി 1975 കേസ്സുകളിൽ നഷ്ടപരിഹാര തുക നൽകുവാനുണ്ട്. |
| (സി) | കോടതി വിധി വന്നിട്ടും തുക സമയത്തിന് അനുവദിക്കാതെ പലിശ ഉൾപ്പെടെ പിന്നീട് നൽകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് നിശ്ചിത സമയത്തിനുള്ളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ